പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *211 19.3.2015 ന് മറുപടിക്ക്

## ഗാർഹിക തൊഴിലാളിക്ഷേമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ നാണു<br>ശ്രീമതി.ജമീല പ്രകാശം<br>ശ്രീ.മാത്യൂ.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ) |
| എ) ഗാർഹിക തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | **എ)** 2011 മുതൽ കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിലുണ്ട് . പ്രസ്തുത പദ്ധതി പ്രകാരം വിവിധ ആനുകൂല്യ വിതരണത്തിനായി 39,96,800/-രൂപയും (മുപ്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എണ്ണൂറ് രൂപ മാത്രം) പെൻഷൻ വിതരണത്തിനായി 1,08,86,400/ (ഒരു കോടി എട്ട് ലക്ഷത്തി എൺപത്തി ആറായിരത്തി നാന്നൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട് |
| **ബി)** ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; | **ബി)** ഇല്ല. |
| **സി)** എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | **സി)** ബാധകമല്ല. |
| **ഡി)** ഐക്യരാഷ്ട്രസഭയും ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും ഇത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | **ഡി)** ഉണ്ട്. |
| **ഇ)** എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | **ഇ)** അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **എഫ്)** ഗാർഹിക തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഐക്യരാഷ്ട്രസഭയോ ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷനോ ധനസഹായം നൽകുന്ന വിവരം അറിവുണ്ടോ ; | **എഫ്)** ഇല്ല. |
| **ജി)** എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | **ജി)** ബാധകല്ല. |

സെക്ഷൻ ഓഫീസർ

52/1
19/3/15

<u>അനുബന്ധം</u>

ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ ജനീവയിൽ നടന്ന 16-06-11-ലെ 189-ാമത് കൺവൻഷനിൽ പ്രധാന ചർച്ച വിഷയം ഗാർഹിക തൊഴിലാളികൾക്ക് മാന്യമായ തൊഴിലും തൊഴിൽ സാഹചര്യവും ഉറപ്പുവരുത്തുക എന്നതായിരുന്നു.

പ്രസ്തുത കൺവെൻഷന്റെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗാർഹിക തൊഴിലാളികൾക്ക് മിനിമം ജീവിതനിലവാരം ഉറപ്പു വരുത്തുക.
2. അവരുടെ മനുഷ്യാവകാശ സംരക്ഷണം ഉറപ്പു വരുത്തുക.
3. ഗാർഹിക തൊഴിലാളികൾക്ക് പ്രായപരിധി നിശ്ചയിക്കുക.
4. ഗാർഹിക തൊഴിലാളികൾക്ക് എല്ലാവിധ ചൂഷണങ്ങളിൽ നിന്നും, അതിക്രമങ്ങളിൽ നിന്നും സുരക്ഷ ഉറപ്പുവരുത്തുക.
5. ഗാർഹിക തൊഴിലാളികൾക്ക് നിയമപരിരക്ഷ ഉറപ്പാക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ ആഴ്ചയിൽ ഒരു ദിവസം അവധി, മെച്ചപ്പെട്ട തൊഴിൽ വ്യവസ്ഥ നടപ്പിലാക്കുക, തൊഴിൽ സമയം നിജപ്പെടുത്തുക, ഓവർടൈം വേതനം അനുവദിക്കുക , തൊഴിൽ സമയത്തിൽ ഇടവേള, വാർഷിക അവധികൾ എന്നിവ അനുവദിക്കുക.
6. ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതോടൊപ്പം ലിംഗ വിവേചനം കൂടാതെ സേവന വേതന വ്യവസ്ഥ നടപ്പിലാക്കുക തുടങ്ങിയ അവകാശങ്ങൾ 189-ാം കൺവെൻഷന്റെ 1 മുതൽ 27 വരെ അനുച്ഛേദങ്ങളിൽ വിവരിച്ചിട്ടുണ്ട്.